# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1237 — 01.07.2015 ൽ മറുപടിയ്ക്ക്

### എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എം.പി.വിൻസെന്റ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) ഇതിനായി സപ്ലൈകോയുടെ വില്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകളിലേയ്ക്ക്, പഞ്ചായത്ത് ഒരുക്കിതരേണ്ട അഞ്ചു വർഷത്തേയ്ക്ക് വാടക രഹിതമായി കുറഞ്ഞത് 500 ച. അടി വിസ്തീർണ്ണത്തിലുള്ള വാർക്കകെട്ടിടം, കംപ്യൂട്ടർ, മറ്റു ഉപകരണങ്ങൾ എന്നിവയ്ക്കായി 1 ലക്ഷം രൂപ, ഇവയെ സംബന്ധിച്ചുള്ള വ്യക്തമായ പ്രപ്പോസൽ ആവശ്യപ്പെട്ടുകൊണ്ട് സപ്ലൈകോയിൽ നിന്നും കത്തു നൽകുകയുണ്ടായി. സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിയ്ക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഇളവ് അനുവദിക്കണമെന്നും രേഖാമൂലം ആവശ്യപ്പെട്ട അഞ്ചുതെങ്ങ്, മല്ലപ്പുഴശ്ശേരി, പൊൻമള, തിരുമിറ്റക്കോട് എന്നീ പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ ഇളവ് അനുവദിക്കുകയും ചെയ്തു. |
| (ഡി) പ്രസ്തുത പദ്ധതി മൂലം പൊതുവിപണി യിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കാമോ ? | (ഡി) സപ്ലൈകോ വിൽപ്പനശാലകൾ വഴി എല്ലാ ജനങ്ങൾക്കും 13 ഇനം അവശ്യ സാധനങ്ങൾ പൊതുവിപണി വിലയേക്കാൾ 20% മുതൽ 35% വരെ കുറച്ച് സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നതിനോടൊപ്പം തന്നെ മറ്റെല്ലാ നിത്യോപയോഗ/ FMCG സാധനങ്ങളും MRP യിൽ നിന്ന് ശരാശരി 5% മുതൽ 30% വരെ വില കുറച്ച് വിതരണം ചെയ്തു വരുന്നുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്നതു വഴി പൊതുവിപണിയിലെ വിലവർദ്ധന ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ